LIBRARY ARCHIVES Kerala Legislative Assembly

ഉപഭോക്തൃ വസ്തുക്കളുടെ പാക്കിംഗിന് സ്വീകരിക്കേണ്ട കരുതൽ നടപടി

*24 [584] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ, നെയ്യ്, പഴവർഗ്ഗങ്ങൾ, വിവിധ ധാന്യങ്ങൾ തുടങ്ങിയ ഉപഭോക്തൃ വസ്തുക്കളുടെ പാക്കിംഗുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട കരുതൽ നടപടിക്ക് നിയമപ്രാബല്യമുണ്ടോ;

(ബി) പ്രസ്തുത നിയമത്തിലെ നിബന്ധനകൾക്കനുസരിച്ചാണോ പാക്കിംഗ് നടത്തുന്നതെന്ന് ഏതെങ്കിലും ഗവൺമെന്റ് ഏജൻസി പരിശോധിക്കാറുണ്ടോ;

(സി) വ്യവസ്ഥകൾ പാലിക്കാത്തവർക്കെതിരെ നിയമലംഘനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഏതെല്ലാം ലോഹവസ്തുക്കൾ ആണ് ഭക്ഷ്യവസ്തുക്കളുടെ പാക്കിംഗിൽ നിന്ന് നിരോധിച്ചിട്ടുള്ളതെന്ന് ബഹുജനങ്ങളേയും വ്യാപാരികളെയും ബോധവൽക്കരിക്കാൻ നടപടി എടുക്കുമോ;

(ഇ) പാക്കിംഗ് സംബന്ധമായ പഠന ഗവേഷണഫലങ്ങൾ അപഗ്രഥിച്ച് ഒരു ആധുനിക നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്ലാസ്റ്റിക്, അലുമിനിയം എന്നീ വസ്തുക്കൾ ഉപയോഗിച്ച് പാക്കിംഗ് നടത്തുമ്പോൾ ഓരോ പ്രദേശത്തേയും ചൂടിന്റെ വ്യതിയാനവും അതിന്റെ പ്രതിഫലനവും കണക്കിലെടുക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്യുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ—സി) ഉണ്ട്.

(ഡി—എഫ്) വിവരം ശേഖരിച്ചുവരുന്നു.

വിനോദസഞ്ചാരികൾക്കാവശ്യമായ ഉൽപ്പന്നങ്ങളുടെ നിലവാരം ഉയർത്താൻ നടപടി

*25 [585] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. വി. കെ. ചന്ദ്രൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികൾക്ക് ആകർഷകമാംവിധം കേരളോൽപ്പന്നങ്ങൾ ദേശീയ-അന്തർദേശീയ നിലവാരത്തിൽ വികസിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ;